**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 275** — **02-03-2023 - ൽ മറുപടിയ്ക്ക്**

**ലൈസൻസ് റദ്ദാക്കപ്പെട്ടവരും കുട്ടികളും വാഹനങ്ങൾ ഓടിക്കുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലൈസൻസ് റദ്ദാക്കപ്പെട്ടവരും പ്രായപൂർത്തിയാകാത്ത കുട്ടികളും വാഹനങ്ങൾ ഓടിക്കുന്നത് കർശനമായി നിരീക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ലൈസൻസ് റദ്ദാക്കപ്പെട്ടവരും പ്രായപൂർത്തിയാകാത്ത കുട്ടികളും വാഹനങ്ങൾ ഓടിക്കുന്നത് നിരീക്ഷിക്കുന്നതിന് സ്കൂൾ പരിസരങ്ങളിൽ രാവിലെയും വൈകുന്നേരവും പ്രത്യേക സ്ക്വാഡിനെ നിയോഗിക്കുകയും മറ്റ് പ്രദേശങ്ങളിൽ ഊർജിതമായ ചെക്കിംഗ് നടത്തുന്നതിന് ഓരോ ജില്ലയിലെ എൻഫോഴ്സ്മെന്റ് വിഭാഗം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാലുടൻ കർശന നടപടികൾ കൈക്കൊള്ളാറുണ്ട്. ഇത്തരത്തിലുള്ള കുറ്റകൃത്യം ആവർത്തിച്ചാൽ ഡ്രൈവിംഗ് ലൈസൻസ് ഉള്ളവരുടെ ലൈസൻസ് എന്നെന്നേയ്ക്കുമായി റദ്ദ് ചെയ്യുന്നതിനുവേണ്ടി ലൈസൻസ് അയോഗ്യത കൽപ്പിച്ചവരുടെ അയോഗ്യത സംബന്ധിച്ച വിവരങ്ങൾ വാഹൻ സോഫ്റ്റ്-വെയറിൽ രേഖപ്പെടുത്തുകയും അതാത് ലൈസൻസിംഗ് അതോറിറ്റിയെ നേരിട്ട് അറിയിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | ഇതിലേയ്ക്കായി രക്ഷകർത്താക്കൾ, സ്കൂൾ അധികൃതർ, അദ്ധ്യാപകർ എന്നിവരെ ഉൾപ്പെടുത്തി സ്കൂളുകളിൽ പ്രവർത്തിക്കുന്ന റോഡ് സുരക്ഷാ ക്ലബ്ബുകൾ മുഖേന വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നടത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഇതിലേക്കായി രക്ഷകർത്താക്കൾ, സ്കൂൾ അധികൃതർ, അദ്ധ്യാപകർ എന്നിവരെ ഉൾപ്പെടുത്തി സ്കൂളുകളിൽ പ്രവർത്തിക്കുന്ന റോഡ് സുരക്ഷാ ക്ലബ്ബുകൾ മുഖേന വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്ലാസുകൾ ഓൺലൈനായും, നേരിട്ടും നടത്തുന്നുണ്ട്. എല്ലാ ജില്ലയിലും സ്കൂൾ കോളേജ് തലത്തിലുള്ള കുട്ടികളെ ഉൾപ്പെടുത്തി ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ നടത്തുകയും എല്ലാ കൊല്ലവും റോഡ് സുരക്ഷാ വാരാഘോഷം നടത്തുകയും ചെയ്യാറുണ്ട്. ഇതിനായി NSS, Red Cross, Scout & Guides, NCC, SPC മുതലായ സന്നദ്ധ സംഘടനകളുടെ |

| | | | |
|---|---|---|---|
| | | | സഹകരണം ഫലപ്രദമായി വിനിയോഗിച്ചുവരുന്നുണ്ട്. |
| (സി) | ലൈസൻസ് റദ്ദാക്കപ്പെട്ടവരും പ്രായപൂർത്തിയാകാത്ത കുട്ടികളും വാഹനങ്ങൾ ഓടിക്കുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | ലൈസൻസ് റദ്ദാക്കപ്പെട്ടവരും, പ്രായപൂർത്തിയാകാത്ത കുട്ടികളും വാഹനം ഓടിക്കുന്നത് ചെക്കിംഗ് സമയത്ത് പ്രത്യേകം പരിശോധിക്കുന്നുണ്ട്. ഇതിനായി ഉദ്യോഗസ്ഥരെ മഫ്തിയിലും നിയമിച്ചുവരുന്നുണ്ട്. ഇത്തരത്തിലുള്ള വ്യക്തികൾ വാഹനങ്ങൾ ഓടിക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക്, ലൈസൻസ് റദ്ദാക്കപ്പെട്ടവരുടെ കാര്യത്തിൽ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 180, 181 പ്രകാരവും, പ്രായപൂർത്തിയാകാത്ത കുട്ടികളുടെ കാര്യത്തിൽ സെക്ഷൻ 199A പ്രകാരവും നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ